# G H S S VELLUR

disha

## ACADEMIC MASTER PLAN

## 2025-26

*well planned is half done*

# ആമുഖം

1903 ലാണ് ഇന്നത്തെ വെള്ളൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന്റെയും ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെയും ആദ്യരൂപമായ ബോർഡ് എലിമെന്ററി സ്കൂളിന്റെ ആരംഭം. ആധുനികവും മതേതരവുമായ വിദ്യാഭ്യാസ സമ്പ്രദായം അനിവാര്യമാക്കുന്ന പുതിയ സാമൂഹ്യാവസ്ഥ മലബാർ പ്രദേശത്ത് പതുക്കെ രൂപപ്പെട്ടുവരുന്ന കാലമാണത്. ഇതിന്റെ ഭാഗമായിട്ടാണ് സ്കൂളിന്റെ സ്ഥാപന പ്രക്രിയയെ നാം ഇന്ന് വിലയിരുത്തേണ്ടത്. ഇവിടുത്തെ വിദ്യാസമ്പന്നരായ പൗരമുഖ്യന്മാരുടെ താല്പര്യവും മാറ്റത്തിന്റെ അന്തരീക്ഷത്തിന് അനുഗുണമായിരുന്നു. പൊതുമേഖലയിൽ താലൂക്ക് ബോർഡിന്റെ കീഴിലാണ് സ്കൂൾ നിലവിൽ വന്നത്. വെള്ളൂർ പടിഞ്ഞാറെക്കരയിൽ ചൂരത്തോടിനും കണ്ണംകുളം വയലിനും പടിഞ്ഞാറ് നാല്പത്തീരടി കളരിക്ക് കിഴക്കായിരുന്നു സ്കൂളിന്റെ സ്ഥാനം. സാഹിത്യതിലകം പി.കെ. കൃഷ്ണൻ മൂത്തനമ്പ്യാരുടെ സഹോദരി മാണിഅമ്മയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന പറമ്പിലാണ് വിദ്യാലയം പ്രവർത്തിച്ചു തുടങ്ങിയത്. തുച്ഛമായ വാടകയ്ക്കാണ് അവർ കെട്ടിടം പണിത് കൊടുത്തത്. തന്റെ മരണം വരെ യഥാസമയം കെട്ടിടമേച്ചിലും അറ്റകുറ്റപണികളും നടത്തി വന്നു. 1943 ൽ മാണിയമ്മ നിര്യാതയായി. 1944 ൽ കെട്ടിടമേച്ചിൽ നടന്നില്ല. അന്നത്തെ ഹെഡ്മാസ്റ്റർ എൻ.പി. ശങ്കരൻ ഉണിത്തിരി താലൂക്ക് ബോർഡിന്റെ നിർദ്ദേശപ്രകാരം നാട്ടിലെ പൗരമുഖ്യന്മാരെ സമീപിച്ച് പുതിയൊരു കെട്ടിടം പണിത് തരണമെന്ന് അപേക്ഷിച്ചെങ്കിലും ആരും അതിന് തയ്യാറായില്ല. അടുത്ത വർഷം മാണിയമ്മയുടെ മകൻ പി.കെ. കുഞ്ഞുകൃഷ്ണൻ നമ്പ്യാർ അറ്റകുറ്റപ്പണികൾ നടത്തികൊടുത്ത് പ്രവർത്തനത്തിനുള്ള തടസ്സം നീക്കി. 1946 വരെ സ്കൂൾ കാര്യമായൊരു മാറ്റവുമില്ലാതെ, പരിമിതമായ സൗകര്യങ്ങളോടെ അവിടത്തന്നെ തുടർന്നു. ചെറിയ അറ്റകുറ്റപ്പണികൾകൊണ്ടൊന്നും നന്നാക്കാൻ പറ്റാത്തവിധം മോശമായിത്തീർന്നിരുന്നു കെട്ടിടം. ഈ സന്ദർഭത്തിൽ 1946 ൽ ചാമക്കാവിനടുത്ത് കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ പുതിയൊരു കെട്ടിടം പണിത് സ്കൂളിനായി വാടകയ്ക്ക് നൽകി. കെട്ടിടനിർമ്മാണത്തിന്റെ ഓർമ്മകൾ – മംഗലാപുരത്തുനിന്ന് മേച്ചിലോട് കൊണ്ടുവന്ന കാര്യവും മറ്റും സൃഷ്ടിക്കുന്ന ഒരു തലമുറ ഇന്നും മുഴുവനായും മൺമറഞ്ഞിട്ടില്ല. Eയുടെ ആകൃതിയിൽ പണിതതായിരുന്നു കെട്ടിടം. 1946 ജൂണിൽ വിദ്യാഭ്യാസ ആരംഭത്തിൽ തന്നെപുതിയ കെട്ടിടത്തിലേക്ക് സ്കൂൾ മാറി. കാവിലെ സ്കൂൾ എന്ന വിളിപ്പേരിട്ടാണ് നാട്ടുകാർ ഈ സ്ഥാനമാറ്റത്തെ സ്വാഗതം ചെയ്തത്.

കരിവെള്ളൂർ, ആലക്കോട്, അന്നൂർ എന്നിവിടങ്ങളിൽ അന്ന് സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ ഹയർ എലിമെന്ററി ക്ലാസ്സുകൾ നടത്തിയിരുന്നു. വെള്ളൂരിലും ഈ സൗകര്യം ഉണ്ടാവണമെന്ന് നാട്ടുകാർ ആഗ്രഹിച്ചു. ഡോ.പി.കെ. രാമൻനമ്പ്യാർ ജില്ലാകലക്ടർക്കും ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടിനും ഇത് സംബന്ധിച്ച് മെമ്മോറാണ്ടം സമർപ്പിച്ചതായി കാണുന്നു. 1949 ൽ ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 1952 ൽ ഒന്നാമത്തെ ഇ.എസ്.എൽ.സി ബാച്ച് പുറത്തുവന്നു. 1956 ൽ മലബാർ ഡിസ്ട്രിക്ട് പ്രസിഡണ്ട് പി.ഭാസ്കരപ്പണിക്കർ സ്കൂൾ സന്ദർശിക്കുകയുണ്ടായി. ചില നിബന്ധനകൾക്ക് വിധേയമായി മിഡിൽ സ്കൂൾ ആയി ഉയർത്താമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. ഫിഫ്ത്ത് ഫോം ( പത്താം തരം ) വരെയുള്ള സ്കൂളിനെയാണ് മിഡിൽ സ്കൂൾ എന്ന് പറഞ്ഞിരുന്നത്. മൂവായിരം രൂപ കെട്ടിവയ്ക്കണമെന്നായിരുന്നു നിബന്ധനകളിൽ പ്രധാനപ്പെട്ടത്. കമ്മിറ്റി ഉണ്ടാക്കി എങ്കിലും ഉണർന്ന് പ്രവർത്തിച്ചിരുന്നില്ല. അങ്ങനെ മിഡിൽ സ്കൂൾ ആവാനുള്ള അവസരം നഷ്ടപ്പെട്ടു.

1960 കാലത്ത് സ്കൂളിന്റെ പേര് ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ എന്നായി മാറി. (1984 വരെ വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തനം ആ വർഷം കെട്ടിടവും സ്ഥലവും 1 ഏക്കർ 34 സെന്റ് ഗവൺമെന്റ് വിലകൊടുത്ത് ഏറ്റെടുത്തു) 1980 ലൽ മുന്നേക്കർ സ്ഥലവും കെട്ടിടസൗകര്യവും നാട്ടുകാർ ഒരുക്കിയാൽ പൊതുമേഖലയിൽ ഹൈസ്കൂൾ അനുവദിക്കാം എന്നൊരു നയം കേരളാ ഗവൺമെന്റിനുണ്ടായിരുന്നു. ഈ സാധ്യത പ്രയോജനപ്പെടുത്താൻ വെള്ളൂരിലെ ജനങ്ങൾ തീരുമാനിച്ചു. ഹൈസ്ക്കൂൾ സ്ഥാപിക്കാനായി ഒരു ജനകീയ കമ്മിറ്റി രൂപം കൊണ്ടു. ചാമക്കാവ് ദേവസ്വം ആവശ്യമായ സ്ഥലം വിട്ടുതരുവാൻ തയ്യാറായി. ഈ സ്ഥലം കിട്ടിയില്ലായിരുന്നുവെങ്കിൽ ഒരിക്കലും ഹൈസ്ക്കൂൾ എന്ന സ്വപ്നം നിറവേറുമായിരുന്നില്ല. വികസനത്തിന്റെ രാഷ്ട്രീയത്തിൽ വിശ്വസിച്ചുകൊണ്ട് സാമ്പത്തിക സഹായം നൽകാൻ നാട്ടുകാർ തയ്യാറായി. അങ്ങനെ വെള്ളൂരിന് സ്വന്തമായി ഗവൺമെന്റ് ഹൈസ്ക്കൂൾ ഉണ്ടായി. ഹൈസ്ക്കൂളിന്റെ പ്രവർത്തനം എൻ. സുബ്രഹ്മണ്യഷേണായി എംഎൽ.എ ഉദ്ഘാടനം ചെയ്തു. പി.എം. ദാമോദരൻ അടിയോടിയാണ് ഹെഡ്മാസ്റ്ററുടെ ചുമതല വഹിച്ചത്.

ഓഫീസിനും പരീക്ഷണശാലയ്ക്കും അധ്യാപകരുടെ മുറിക്കുമുള്ള സ്ഥലം കഴിഞ്ഞാൽ ഏതാനും ക്ലാസ് നടത്താനുള്ള സൗകര്യമേ ഓടുമേഞ്ഞ പുതിയ കെട്ടിടത്തിനുണ്ടായിരുന്നുള്ളൂ. ബാക്കി ക്ലാസ്സുകൾക്കായി ഓലപ്പുരകൾ പണിയുകയാണുണ്ടായത്. ഒന്നാമത്തെ എസ്.എസ്.എൽ സി ബാച്ച് 1983 ൽ 86% വിജയത്തോടെ പുറത്തുവന്നു. തുടക്കം തൊട്ട് സെക്ഷനൽ രീതിയിലാണ് ഹൈസ്ക്കൂൾ പ്രവർത്തിച്ചു വന്നത്. 18 വർഷം ഈ

അസൗകര്യം നിലനിന്നു. എങ്കിലും  എസ്.എസ്.എൽ.സി വിജയശതമാനം ഒരിക്കലും ഗണ്യമായ തോതിൽ  കുറഞ്ഞിട്ടില്ല എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്.

പാഠ്യേതര പ്രവർത്തനത്തിലും സ്കൂൾ പിറകോട്ടല്ല. കായികമേളകളിലും  യുവജ നോത്സവത്തിലും എല്ലാവർഷവും നിരവധി കുട്ടികൾ പങ്കെടുക്കുന്നു. ഏറെ പേർ  സമ്മാ നിതരാവുകയും ചെയ്യാറുണ്ട്.  സംസ്ഥാനതലത്തിലടക്കം പുരസ്ക്കാരങ്ങൾ  നേടിയ  കലാ കായിക  പ്രതിഭകൾ  ഇവിടെയുണ്ട്.

പുതിയ കെട്ടിടം വന്നതോടെ  സെഷനൽ  രീതി അവസാനിപ്പിച്ചു. ഭരണസൗ കര്യം  മുൻനിർത്തി 1993 ൽ നാലുവരെയുള്ള  ക്ലാസ്സുകൾ  ഹൈസ്ക്കൂളിൽ നിന്ന്  വേർപെ ടുത്തുകയും  ഗവൺമെന്റ്   ലോവർ പ്രൈമറി സ്കൂൾ വെള്ളൂര് എന്ന പേരിൽ  തുടങ്ങു കയും ചെയ്തു.  1999ൽ  ഹൈസ്ക്കൂളിനായി  ഗവൺമെന്റ്  30 മുറികളുള്ള ഇരുനിലകെ ട്ടിടം  ഉദ്ഘാടനം  ചെയ്യപ്പെട്ടു. വിദ്യാഭ്യാസ മന്ത്രി പി.ജെ ജോസഫാണ്  കെട്ടിടം പ്രവർത്ത നത്തിനായി  തുറന്നു കൊടുത്തത്. 2000 ജൂണിൽ ഹയർസെക്കന്ററി വിഭാഗം പ്രവർത്തിച്ച് തുടങ്ങി.  ഇതോടെ  സ്കൂളിന്റെ പേര്  ഗവൺമെന്റ്  ഹയർസെക്കന്ററി സ്കൂൾ എന്നായി മാറി.

യു.പി., ഹൈസ്ക്കൂൾ വിഭാഗങ്ങളിലായി 1128 കുട്ടികളും അമ്പതോളം അധ്യാപക അനധ്യാപക  ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

പൊതുവായ  ഇച്ഛയുടെ  ജീവത്പ്രതീകങ്ങൾ  എന്ന നിലയിൽ  ഈ വിദ്യാലയ ങ്ങൾക്ക് പുതിയ കാലഘട്ടത്തിന്റെ  ആവശ്യങ്ങൾക്കും  പ്രതീക്ഷകൾക്കുമൊത്ത്  വളരാൻ കഴിയേണ്ടതുണ്ട്. ഇതിനായുള്ള  കൂട്ടായ്മയ്ക്ക് ഉദാഹരണമാണ് വെള്ളൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ -മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ പരിചയപ്പെടൽ, വിലയിരുത്തൽ | വേനലവധിക്കാലം എങ്ങനെ ചെലവഴിച്ചു വ്യക്തിഗത അഭിപ്രായങ്ങൾ, കുറിപ്പ് തയ്യാറാക്കൽ, അവതരണം, മെച്ചപ്പെടുത്തൽ | ജൂൺ ആദ്യ വാരം | പുസ്തകം | മലയാളം അധ്യാപകർ |
| ഭാഷാപരമായ പിന്നോക്കാവസ്ഥക ണ്ടെത്തലും പരിഹരിക്കലും | പ്രീടെസ്റ്റ് പരിഹാരബോധനം, ഫ്രീ പിരീഡുകളിലും ഇന്റർവെൽ സമയത്തും പഠന വിടവ് നികത്താനുള്ള പ്രവർത്തനങ്ങൾ | ജൂൺ ആദ്യവാരം | പുസ്തകങ്ങൾ ചിത്രങ്ങൾ | മലയാളം അധ്യാപകർ പിയർഗ്രൂപ്പ് |
| വായന മെച്ചപ്പെടുത്തൽ | ക്ലാസ്സ് ലൈബ്രറി നവീകരണം, സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ, സമീപ ഗ്രന്ഥശാലകളിൽ അംഗത്വം ഉറപ്പിക്കൽ, പത്രവായന, വാർത്താകുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ ഫെബ്രു വരെ | ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ പത്രങ്ങൾ, ആനുകാലികങ്ങൾ | അധ്യാപകർ വിദ്യാരംഗം കലാസാഹിത്യവേദി |
| എഴുത്ത് മെച്ചപ്പെടുത്തൽ | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>പതിപ്പ് തയ്യാറാക്കൽ<br>വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ | ജൂൺ മുതൽ നവംബർ വരെ | പുസ്തകങ്ങൾ | അധ്യാപകർ |
| ദിനാചരണങ്ങൾ | ജൂൺ 19 വായനാദിനം<br>ജൂലായ് 5 ബഷീർ അനുസ്മരണം | ഓരോ മാസവും | പുസ്തകങ്ങൾ | മലയാളം അധ്യാപകർ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | ക്ലാസ്സ് തല പ്രസംഗ പരിശീലന കളരി<br>മികച്ച പ്രസംഗങ്ങളുടെ ഓഡിയോ/ വീഡിയോ പ്രദർശനം<br>സ്കൂൾ അസംബ്ലി | ജൂലൈ മുതൽ ഡിസംബർ വരെ | ഓഡിയോ വീഡിയോ | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -ഇംഗ്ലീഷ്

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| -Enable confident communication in english | - Fluent English Day<br>- English Assembly<br>- Puttng up inspring quotes on the english board<br>- Decorate every class with inspring quates<br>-set up an english corner in library | First two month period | English Teachers and PTA | PTA |
| -To help students express themselves in english | - Role play<br>- English fest<br>- Seminar organisation<br>- conduct on English film fest followed by writing activities such as review scripts and profiles | Class room Activity in the whole academic year | English Teachers | PTA |
| Provide them Amble | - Day celebration . Helen kellwers day celebrates with profile writing class room presentation with video clips etc<br>Teachers day celebrates with student teachers Anti- war campain & seminar on Anti war day | Whole academic year | English Teachers | |
| ICT possibilities | Enables to make postures with the help of Gimp.<br>Seminar presentation with slide presentation<br>Short videos and short films with the help of possible video editing softwares etc.... | academic year | English Teachers & SITC | PTA |
| Conduct discussion in English language | 4t them have video conference with contemperory writers and poets.<br>Have a conversation with native speakers. | Saturdays | English Teachers & PTA | |
| Take them interesting in studies | Language Games<br>Spell Bee<br>Literary quiz<br>skit related to Drugs<br>Greeting and making Brochure making wall magazine | Extra time that we manage to get some how | English Teachers | PTA |
| English Voice | Conduct speech on various topics<br>News reading competition poen recitation | Morning time after prayers | English Club members | |

## അക്കാദമിക് മാസ്റ്റർപ്ലാൻ -ഹിന്ദി

| महीना | गतिविधियाँ |
|---|---|
| * जून का पहला सप्ताह | * प्री टेस्ट ( बच्चों की पारंभिकक स्थिति समझने केलिए।)<br>क्लब रूपीकरण |
| * जून 5 | * पर्यावरण दिवस पेड- पौधों का वितरण, पोस्टर, प्रतिज्ञा |
| * जुलाई 31 (प्रमचंद-जयति) | * पोस्टर , पेंसिल ,डाइग, प्रश्नोत्तरी |
| * जून 19 (वाचन दिवस) | * वाचन प्रतियोगिता , भाषण, पोस्टर |
| * आगस्त 15 स्वतंत्रता दिवस | * भाषण, देशभक्तिगीतालापन, पोस्टर रचना , स्वतंत्रता संग्राम सेमानियों का चित्र संचयन |
| * सितंबर 14 (हिन्दी दिवस) | * हिन्दीसभास भाषण, निबंध लेखन, भाषाई खेल , पुस्तम प्रदर्शिनी |
| * सितंबर 5 शिक्षक दिवस | * शिक्षक दिवस में छात्रें द्वारा कक्षा संचालन शिक्षकों का सम्मान समारोह |
| * अक्तूबर - 2 गाँधीजंयती | * गाँधीजी और हिन्दी विषय पर भाषण प्रश्नोत्तरी , चित्रसंचयन |
| * जनुवरी - 26 गणतंत्र दिवस | * राष्ट्रीय ध्वजवंदन<br>कवितालापन , देशभक्ति गीत आलापन |

## അക്കാദമിക് മാസ്റ്റർ പ്ലാൻ -സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉപമേഖല - ദിനാചരണങ്ങൾ വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തന മായി സംഘടിപ്പിക്കൽ | ജൂൺ മാർച്ച് | സോഷ്യൽ സയൻസ് സബ്ജക്ട് കൗൺസിൽ | - |
| ഉപമേഖല - സ്കൂൾ പാർലമെന്റ് രൂപീക രണം -ജനാധിപത്യമൂല്യ ങ്ങൾ വളർത്തിയെടു ക്കൽ | പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം അംഗങ്ങളുടെ സത്യപ്രതിജ്ഞ സ്ഥാനാരോഹണം അംഗങ്ങൾക്കുള്ള നേതൃത്വപരിശീ ലനം | സെപ്തം ബർ ഒക്ടോ ബർ | സോഷ്യൽ സയൻസ് അധ്യാപകർ പാർലമെന്റ് ഭാരവാഹികൾ | NIL |
| സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ -സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ , അറ്റ്ലസ് എന്നിവ സ്കൂൾ ലൈബ്രറിയിൽ പ്രദർശിപ്പിക്കൽ | വർഷ ത്തിൽ 1 തവണ | സോഷ്യൽ സയൻസ് ക്ലബ്ബ് | - |
| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തൽ, പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായി ക്കാനും ഉതകുന്ന രീതിയിൽ s s കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ആഴ്ച യിലും | സോഷ്യൽ സയൻസ് ക്ലബ്ബ് | NIL |
| ഉപമേഖല- പഠനയാ ത്രകൾ, പഠനയാത്രക ളിലൂടെ ചരിത്രസ്മാര കങ്ങൾ, മ്യൂസിയങ്ങൾ, കലകൾ, എന്നിവയെ ക്കുറിച്ച് കൂടുതൽ മന സ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ,തുടങ്ങിയ ഇട ങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര കൾ | വർഷ ത്തിൽ 1 തവണ | സോഷ്യൽ സയൻസ് അധ്യാപകർ | PTA |
| ഉപമേഖല -സംവാദം/ സെമി നാർ, ആനുകാലിക പ്രാധാന്യമുള്ള വിഷ യങ്ങൾ | സമകാലിക പ്രസക്തിയുള്ള വിഷയ ങ്ങളിൽ സംവാദം/സെമിനാർ/ പാനൽ ചർച്ച തുടങ്ങിയവ സംഘടി പ്പിക്കൽ | വർഷ ത്തിൽ 2 തവണ | SRG SS ക്ലബ്ബ് | |
| ഉപമേഖല മേളകൾ- അക്കാദമികം സാമൂഹിക നിർമ്മിതി യിൽ പങ്കാളിയാവുക | സ്കൂൾ തല സാമൂഹ്യശാസ്ത്രമേള യിൽ മികച്ച പരിശീലനം നൽകി ഉപ ജില്ലാതലത്തിൽ പരമാവധി പങ്കാ ളിത്തം ഉറപ്പാക്കൽ | വർഷ ത്തിൽ 1 പ്രാവശ്യം | SS ക്ലബ്ബ് | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ –സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉപമേഖല – ഭൂപടവായന, ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നട ത്തുവാൻ പഠിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. ഏകദിന വർക്ക് ഷോപ്പ് സംഘടിപ്പിക്കൽ | വർഷം മുഴുവനും 1 തവണ | സോഷ്യൽ സയൻസ് ക്ലബ്ബ് | - |
| പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധ പ്പെട്ട പൊതുവിജ്ഞാന മേഖല പരി പോഷിപ്പിക്കുന്ന ക്വിസ്സുകൾ സംഘ ടിപ്പിക്കൽ, ചരിത്രസിനിമ പ്രദർശനം | അക്കാദ മിക വർഷം മുഴുവനും 1 തവണ | സാമുഹ്യ ശാസ്ത്ര അധ്യാപകർ | NIL |
| ഉപമേഖല – ഭരണഘടനയെ അടു ത്തറിയൽ, രാജ്യ ത്തിന്റെ ഭരണഘടന, അടിസ്ഥാന നിയമ ങ്ങൾ എന്നിവയെക്കു റിച്ച് അവബോധമു ണ്ടാക്കൽ | ഭരണഘടനാപ്രശ്നോത്തരി സംഘടി പ്പിക്കൽ നിയമഞ്ജന്മാരെ പങ്കെടുപ്പിച്ചു കൊണ്ട് ഭരണഘടനയെ പരിചയ പ്പെടൽ | വർഷ ത്തിൽ 1 തവണ | സോഷ്യൽ സയൻസ് ക്ലബ്ബ് | PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ -ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൗതികം, ജിജ്ഞാസ, നിരീക്ഷണപാടവം, എന്നിവ പരിപോഷിപ്പിക്കുക | * പാഠഭാഗപരീക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ<br>* മോഡൽ നിർമ്മാണം<br>* പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം ജൂൺ - മാർച്ച് | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് എനർജി ക്ലബ്ബ് | സയൻസ് ക്ലബ്ബ് - |
| നിരന്തരമായി അന്വേഷണം നടത്തുകയും വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | * ലഘുപ്രൊജക്ടുകൾ, അവതരിപ്പിക്കൽ<br>* സെമിനാർ പേപ്പറുകൾ ക്ലാസ്സുകളിൽ അവതരിപ്പിച്ച് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകൽ<br>* കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരംനൽകൽ | ജൂൺ - മാർച്ച് | സോഷ്യൽ സയൻസ് ക്ലബ്ബ് | |
| മാനവികതയിൽ ഊന്നിയ ശാസ്ത്ര ബോധം വളർത്തുക | * ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കൽ<br>* പാഠഭാഗങ്ങൾ സമയബന്ധിതമായി തീർക്കലും യൂണിറ്റ് ടെസ്റ്റുകൾ വെച്ച് മൂല്യനിർണ്ണയം നടത്തുകയും ചെയ്യൽ<br>* ശാസ്ത്രലാബ് നവീകരണം<br>* സയൻസ് ക്ലബ്ബ്, എനർജി ക്ലബ്ബ് എന്നിവ രൂപീകരിക്കൽ | | | |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | * ചാന്ദ്രദിനം, ഓസോൺദിനം, ദേശിയ സയൻസ് ദിനം പോലുള്ള ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>* ശാസ്ത്രമേളകൾക്ക് മുന്നോടിയായി കുട്ടികളെ തയ്യാറാക്കൽ<br>* ശാസ്ത്ര മാസികകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കൽ<br>* സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത കാമ്പസ് എന്ന ആശയം സഫലീകരിക്കൽ<br>* പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടൽ<br>* ശാസ്ത്രാകാരൻമാരുമായി സംവദിക്കാൻ ഉള്ള അവസരം ഒരുക്കി കൊടുക്കൽ സംസ്ഥാന ദേശിയ തലത്തിലുള്ള ക്വിസ്സ് , സെമിനാർ പ്രൊജക്ട്, മുതലായവയിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ നൽകൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറക്കൽ - പരിസര ശുചിത്വം | സ്കൂളിൽ ഉണ്ടാകാറുള്ള ഒറ്റത്തവള ഉപയോഗത്തിനുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റു പാഴ് വസ്തുക്കളും ഉപയോഗപ്പെടുത്തി ഉപയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കൽ , പ്രത്യേകപരിശീലനം നൽകുകയും പിന്നീട് കുട്ടികൾ നിർമ്മിച്ച വസ്തുക്കൾ സ്കൂളിലേക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യൽ waste to welth എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നു. | ജൂണിൽ തുടങ്ങുന്നു (10 മാസം) മാർച്ച്<br>സെപ്തംബർ ഒക്ടോബർ | ഇക്കോക്ലബ്ബ് | PTA<br>- |
| ജൈവവൈവിധ്യ പാർക്ക് വിപുലീകരിക്കൽ | സ്കൂളിൽ ഒരുക്കിയ ജൈവവൈവിധ്യപാർക്കിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ | ജൂലൈ 10 മാസം | ഇക്കോ ക്ലബ്ബ് | - |
| കുട്ടികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാനുതകും വിധം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക | രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് രക്തഗ്രൂപ്പ് അറിയാത്ത കുട്ടികൾക്ക് ഗ്രൂപ്പ് നിർണ്ണയിച്ച് നൽകണൽ | ഒക്ടോബർ ഒരാഴ്ച | ബയോളജി | NIL |
| പരിസ്ഥിതി സംരക്ഷണം ഓരോരുത്തരുടെയും കടമായാണെന്ന ബോധമുണ്ടാക്കൽ | ചാമക്കാവിന് ചെമ്പരത്തി ച്ചെടികൾകൊണ്ട് ജൈവവേലി ഒരുക്കൽ | ജൂൺ മാർച്ച് | ഇക്കോക്ലബ്ബ് | ആവശ്യമില്ല |
| സിലബസ് അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി പ്രവർത്തനാധിഷ്ഠിതമായി പൂർത്തിയാക്കൽ | ക്ലാസ്സ് തല പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യൽ | ജൂൺ മാർച്ച് | ബയോളജി | ആവശ്യമില്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -ഗണിതം ( 2025-26)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മനസ്സിലാക്കി പഠന പിന്തുണ ഉറപ്പാക്കുക | - Pretest - 8,9 , 10<br>- Puzzles , games<br>- Assignment<br>- Unit test | ജൂൺ മാസം<br>ദീർഘകാലം | അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ | - |
| പഠന വിടവ് പരിഹരിക്കുക<br>ഗണിതത്തിൽ അഭിരുചി വർദ്ധിപ്പിക്കാൻ<br>മാനവികതയിൽ ഊന്നിയ ശാസ്ത്രബോധം വളർത്തുക | - പരിഹാരബോധനം -assignment<br>- ഗണിതക്വിസ് - class level<br>- Puzzles , games<br>- ഗണിതപുസ്തകാസ്വാദനം<br>- വിദഗ്ദരുടെ ക്ലാസ്സ്<br>- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ<br>- ഗണിതപാട്ടുകൾ<br>- class wise ഗണിതമാഗസിൻ<br>- ഗണിത ചരിത്രവും ഗണിത ശാസ്ത്രഞ്ജന്മാരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും കണ്ടുപിടിത്തങ്ങളും | ദീർഘകാലം<br>ജൂലായ് ആഗസ്ത് സപ്തംബർ | അധ്യാപകർ | - |
| ഗണിത ശാസ്ത്രമേളയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് | സ്കൂൾതല ഗണിത ശാസ്ത്ര മേള | സപ്തംബർ | അധ്യാപകർ | |
| പഠനോപകരണ നിർമ്മാണത്തിലൂടെയുള്ള ഗണിത പഠനം | പഠനോപകരണ നിർമ്മാണശില്പശാല<br>ഒറിഗാമി | ഒക്ടോബർ | ഗണിതക്ലബ്ബ് | പി.ടി.എ |
| വ്യക്തിഗതമായി കുട്ടികളുടെ ഗണിതപരമായ പ്രശ്നങ്ങൾ കണ്ടെത്തലും പരിഹാരവും | ഗണിത ക്ലിനിക്ക് -എല്ലാ വെള്ളിയാഴ്ചയും (ഉച്ചയ്ക്ക് ശേഷം ( 1 -2) | ദീർഘകാലം | അധ്യാപകർ | പി.ടി.എ |
| രാമാനുജൻ ദിനാചരണം | ക്വിസ്സ്<br>സെമിനാർ | ഡിസംബർ | അധ്യാപകർ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ –കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂൾതല സെലക്ഷൻ സുബ്രതോ കപ്പ്, പരിശീലനവും | ജൂൺ | കായിക അധ്യാപകർ | കുട്ടികളുടെ കായിക ശേഷി വർദ്ധിക്കുന്നു. കഴിവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. – |
| | കുട്ടികളുടെ ഹൃദയശ്വസന ക്ഷമത വർധിക്കുന്നതിനുള്ള പ്രവർത്തനം<br>ബാഡ് മിന്റൺ, ചെസ്സ് എന്നിവ പരിശീലിപ്പിക്കുന്നു | ജൂലായ് | കായിക അധ്യാപകർ | കുട്ടികളുടെ കഴിവ് കണ്ടെത്തുന്നു. കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നു. |
| | സ്കൂൾതല മത്സരങ്ങൾക്ക് തയ്യാറെടുപ്പ് , ഗെയിം സെലക്ഷൻ | ആഗസ്ത് | കായിക അധ്യാപകർ | കുട്ടികളുടെ കഴിവ് കണ്ടെത്തുന്നു. കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നു. – |
| | കബഡി – പ്രത്യേക പരിശീലനം | സെപ്തംബർ | കായിക അധ്യാപകർ | കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നു. |
| | വോളിബോൾ പരിശീലനം നൽകുന്നു. അതിന്റെ നിയമങ്ങളെ കുറിച്ച് പഠിപ്പിക്കുന്നു. | ഒക്ടോബർ | കായിക അധ്യാപകർ | കുട്ടികളുടെ കായിക ക്ഷമതയും ശേഷിയും വർദ്ധിപ്പിക്കുന്നു. |
| | സ്കൂൾ സ്പോർട്സിനുവേണ്ടി സെലക്ഷൻ നടത്തുന്നു. കായികമേളയ്ക്ക് വേണ്ടി കുട്ടികളെ സജ്ജരാക്കുന്നു | നവംബർ | കായിക അധ്യാപകർ | കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നു. |
| | ഖൊഖൊ പരിശീലനം | ഡിസംബർ | കായിക അധ്യാപകർ | കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുന്നു |
| | മൈനർ ഗെയിം പരിശീലനം | ജനുവരി | കായിക അധ്യാപകർ | കായിക ക്ഷമത വർധിക്കുന്നതോടൊപ്പം മാനസികോല്ലാസം ലഭിക്കുന്നു. |
| | അടുത്ത അധ്യയനവർഷത്തിലേക്കുള്ള കുട്ടികളുടെ സെലക്ഷന് വേനലവധി പരിശീലനത്തിന് കുട്ടികളെ സെലക്ട് ചെയ്യുന്നു. | ഫെബ്രുവരി മാർച്ച് | | |